## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3882** 18/10/2011-ൽ മറുപടിക്ക്

### സർവ്വശിക്ഷാ അഭിയാൻ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>" എം. ഹംസ:<br>" കെ. കുഞ്ഞിരാമൻ (ഉദുമ):<br>" ബി. സത്യൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | എ) | കുട്ടികളുടെ അനുപാതത്തിനനുസരിച്ച് പഞ്ചായത്തുകളുടെ ആവശ്യാനുസരണം ബി. ആർ. സി. തലത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പരിശോധിച്ച് കേന്ദ്ര വിഹിതത്തിനായി സമർപ്പിച്ച് അംഗീകാരം നേടുന്നു. ഇങ്ങനെ ലഭിക്കുന്ന തുക ഓരോ പദ്ധതിക്കും 65:35 എന്ന കേന്ദ്ര-സംസ്ഥാന അനുപാതത്തിൽ അതതു പഞ്ചായത്തുകൾക്ക് നല്കി പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി തുകയുടെ ആദ്യ ഗഡുവായി 40% രണ്ടാം ഗഡുവായി 40%, അവസാന ഗഡുവായി 20% എന്ന ക്രമത്തിൽ നിർമ്മാണ ഏജൻസിയായ പി.ടി.എ.യ്ക്ക് തുക കൈമാറി പദ്ധതി പ്രാവർത്തികമാക്കുന്നു. |
| ബി) | നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഉത്തരവാദിത്തവും ഏതെല്ലാം ഏജൻസികൾക്കാണെന്ന് വ്യക്തമാക്കുമോ; | ബി) | എസ്.എസ്.എ. വഴിയുള്ള എല്ലാ പദ്ധതികളും പി.ടി.എ. മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിൽ മൈനർ വർക്കുകൾക്ക് എസ്.എസ്.എ. എഞ്ചിനീയറും മേജർ വർക്കുകൾക്ക് |

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരും മേൽനോട്ടം വഹിക്കുന്നു.

സി) നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ എസ്.എസ്.എ.ക്ക് റിപ്പോർട്ടു ചെയ്യാത്തതിനാൽ പ്രസ്തുത ഇനത്തിൽ അനുവദിക്കപ്പെട്ട തുക വിനിയോഗിക്കപ്പെടാതെ കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന അധിക ക്ലാസ്മുറികൾ, ഹെഡ്മാസ്റ്റർമാരുടെ മുറികൾ എന്നീ പദ്ധതികൾക്ക് അനുവദിക്കപ്പെട്ട തുക യൂണിറ്റ് റേറ്റിന്റെ അപര്യാപ്തത മൂലം വിനിയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട്.

ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ഡി) തുക പൂർണ്ണമായി വിനിയോഗിക്കപ്പെടാത്ത പദ്ധതികളിൽപ്പെട്ട് വിവിധ ജില്ലകളിലായി 996 അധിക ക്ലാസ് മുറികളുടെ പണി പൂർത്തിയാക്കാനുണ്ട്.

ഇ) സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എസ്.എസ്.എ. യുടെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇ) എസ്.എസ്.എ. യുടെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കേണ്ടത് കേന്ദ്ര മാനവ വിഭവ വികസനശേഷി വകുപ്പ് (MHRD) ആയതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാവില്ല.

സെക്ഷൻ ഓഫീസർ